പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155 **26-10-2026-ൽ മറുപടിയ്ക്ക്**

ശബരിമലയിലെ ക്രമക്കേടുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. വി. മുരളീധരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ശബരിമല സന്നിധാനത്തെ ദ്വാരപാലക ഫലകങ്ങൾ ഉൾപ്പെടെയുള്ള സ്വർണ ഉരുപ്പടിയിലും സ്റ്റോർ രജിസ്റ്ററിലും ഗുരുതരമായ ക്രമക്കേടുകളും സ്വർണ്ണക്കൊള്ളയും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശബരിമല സന്നിധാനത്തെ ദ്വാരപാലക വിഗ്രഹങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണം പതിച്ച ചെമ്പ് പാളികളിലെ സ്വർണ്ണം അപഹരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ അനുമതി ഇല്ലാതെ ദേവസ്വം മാനുവൽ ലംഘിച്ച് സ്വർണ്ണപ്പാളികൾ അറ്റകുറ്റപ്പണിക്ക് പുറത്തേക്ക് കൊണ്ടുപോകാൻ അനുമതി നൽകിയ ഉദ്യോഗസ്ഥരെയും ദേവസ്വം ബോർഡ് അധികൃതരെയും പ്രതിസ്ഥാനത്ത് ചേർത്ത് ക്രൈം നമ്പർ. 3700/CB/CU-IV/TVPM/D/2025, ക്രൈം നമ്പർ. 3701/CB/CU-IV/TVPM/D/2025 എന്നീ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) ഹൈക്കോടതിയുടെ അനുമതിയില്ലാതെ ദേവസ്വം മാനുവൽ ലംഘിച്ച് സ്വർണ്ണപ്പാളികൾ അറ്റകുറ്റപ്പണിക്ക് എന്ന പേരിൽ പുറത്തേക്ക് കൊണ്ടുപോകാൻ അനുമതി നൽകിയ ഉദ്യോഗസ്ഥരുടെയും ദേവസ്വം ബോർഡ് അധികൃതരുടെയും പങ്ക് സംബന്ധിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രത്യേക അന്വേഷണസംഘം നടത്തിയ അന്വേഷണത്തിൽ നഷ്ടപ്പെട്ടതായി കണ്ടെത്തിയ സ്വർണ്ണത്തിൽ എത്ര അളവ് ഇതുവരെ വീണ്ടെടുത്തിട്ടുണ്ട്; കേസിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ സ്വീകരിച്ച ക്രിമിനൽ നിയമ നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: ശബരിമല സന്നിധാനത്തെ സ്വർണ്ണാപഹരണവുമായി ബന്ധപ്പെട്ട ക്രൈം നമ്പർ. 3700/CB/CU-IV/TVPM/D/2025, ക്രൈം നമ്പർ. 3701/CB/CU-IV/TVPM/D/2025 എന്നീ കേസുകളുടെ അന്വേഷണ മദ്ധ്യേ ക്രൈം നമ്പർ. 3700/CB/CU-IV/TVPM/D/2025 ൽ ഉൾപ്പെട്ട 13 പ്രതികളെയും ക്രൈം നമ്പർ. 3701/CB/CU-IV/TVPM/D/2025 ൽ ഉൾപ്പെട്ട 11 പ്രതികളെയും അറസ്റ്റ് ചെയ്ത് ബഹു.

കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ജൂഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്ന ടി പ്രതികൾക്ക് ബഹു. കോടതി സോപാധിക ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്.

ബഹു. ഹൈക്കോടതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രത്യക അന്വേഷണ സംഘം അന്വേഷണം നടത്തുന്നത്. അന്വേഷണത്തിന്റെ ഓരോ ഘട്ടത്തിലെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ടുകൾ അന്വേഷണ സംഘം ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിക്കുകയാണ് ചെയ്ത് വരുന്നത്.

(ഡി) ഭാവിയിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ആഭരണങ്ങളുടെയും സ്വർണ്ണ ഉരുപ്പടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും കൃത്യമായ തിട്ടപ്പെടുത്തലിനുമായി പ്രത്യേക സ്വർണ്ണ ഓഡിറ്റിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> ബഹു. ഹൈക്കോടതിയുടെ 29.09.2025-ലെ SSCR No. 23/2025 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശബരിമലയിലെ ആഭരണങ്ങളുടെയും സ്വർണ്ണ ഉരുപ്പടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും കൃത്യമായ തിട്ടപ്പെടുത്തലിനുമായി റിട്ട. ജസ്റ്റിസ് കെ.ടി.ശങ്കരൻ കമ്മീഷന്റെ മേൽനോട്ടത്തിൽ ഇൻവെന്ററി തയ്യാറാക്കി വരുന്നു.

കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവിടങ്ങളിലെ സ്വർണ്ണവും മറ്റ് വിലപിടിപ്പുള്ള ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിനും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി ഒരു സംവിധാനം രൂപീകരിക്കുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിൽ പരിശോധനാഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ